Little KITEs



# തൂലിക

Digital Magazine

**എസ്  എൻ വി സംസ്കൃത  വിദ്യാലയം , വടക്കൻ പറവൂർ**

# എസ് എൻ വി സംസ്കൃത ഹയർസെക്കന്ററിസ്കൂൾ
## നന്ത്യാട്ടുകുന്നം, വടക്കൻ പറവൂർ

*The Pride of Paravur*



SNV Sanskrit HSS.
N Paravur, Ernakulam Dt, Kerala - 683513
Ph -0484-2447844, 2449744
snvshss@gmail.com, snvskthss@gmail.com
www.snvsanskrithss.blogspot.in

എസ് എൻ വി സംസ്കൃതഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികളുടെ സൃഷ്ടികൾ ഞങ്ങൾ ഈ തൂലികയിലൂടെ പ്രകാശിതമാക്കുകയാണ്. ജൂൺ 19 വായനദിനത്തോടനുബന്ധിച്ച് തയ്യാറാക്കിയ ആസ്വാദനക്കുറിപ്പുകൾ, പ്രളയത്തിനത്തിനുശേഷം കുട്ടികളുടെ പ്രളയക്കാഴ്ചകളും നവകേരളഭാവനയും, പിന്നെ സ്കൂൾ വാർത്തകളും ആണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

വളരെ തിടുക്കത്തിൽ തയ്യാറാക്കിയതിനാൽ പോരായ്മകൾ ഒത്തിരി ഉണ്ടാകും. എങ്കിലും ഈ പ്രഥമതൂലിക ഏവരുടെയും മുന്നിൽ സവിനയം സമർപ്പിക്കുന്നു. അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട്,

സ്നേഹപൂർവ്വം

**അൽന കെ എം 9G**

**അതുൽകൃഷ്ണ കെ 8F**

# ളുലിക

മോഹനം......! എന്റെ ഭാഷ........5
ഡിജിറ്റൽ പെയിന്റിംഗ്........6
കവിതകൾ........7
അരയാൽ........7
തത്തമ്മയോട്........7
ഉമ്മ........8
വിടവാങ്ങിയ ആ ദിനങ്ങൾ........8
പരുന്ത്........9
യാത്ര........9
"പ്രളയാനന്തരം"........10
ആസ്വാദനക്കുറിപ്പുകൾ........13
മീനപ്പൂച്ച........13
"ഇത്തിരിക്കുഞ്ഞ് "........13
കിളികളും നമ്മളും........14
"കൊടുങ്കാറ്റ് " ( THE TEMPEST)........*15*
'അക്ഷരമധുരം'........16
പാത്തുമ്മയുടെ ആട് - ഒരു ചെറിയ വീക്ഷണം........17
'പറന്നു പറന്ന് '........18
'ടോട്ടോ - ചാൻ'........19
അമൃദക്കുട്ടിയുടെ ചിത്രപ്രദർശനം........19
സ്റ്റുവർട്ട് ലിറ്റിൽ........20
കരടിയുടെ ഭംഗിവാക്ക്........21
മാർജെരിയും ചെമ്പഴങ്ങളും........21
'കിട്ടുണ്ണിയുടെ കൃഷി'........22
സിംഹത്തിനു പറ്റിയ അന്ത്യം........22
നന്ദിനി ടീച്ചർക്കു നല്ലതു തോന്നണേ!!!........23
ആഭരണം........23
അമ്മയുടെ സ്നേഹം........24
ആലിബാബയും നാൽപതു കള്ളൻമാരും........24
വേനൽക്കാലം........25
ഭൂമിയുടെ അവകാശികൾ........26
കുഞ്ഞിനിലയും ആൽമരവും........26
ഖലീഫയുടെ കാലത്ത്........27
കിട്ടുനും കാറ്റും........27
MACBETH........28
THE WONDERFUL WORDS........29
A TRIBUTE TO THE INDIAN ARMY........30
BIG BLUE BEAUTIFUL THAT'S OUR PLANET........31
SCIENCE QUIZ........32
"സ്കൂൾ വാർത്തകൾ"........33

# മോഹനം......! എന്റെ ഭാഷ


മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം
ചുണ്ടിന്മേലമ്മിഞ്ഞപ്പാലോടൊപ്പം
അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ
സമ്മേളിച്ചീടുന്നതൊന്നാമതായ്

മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്യന്നു പെറ്റമ്മ തൻ ഭാഷ താൻ
മാതാവിൻ വാത്സല്യ ദുഗ്ധം നുകർന്നാലേ
പൈതങ്ങൾ പൂർണ വളർച്ചനേടൂ
അമ്മതാൻ തന്നെ പകർന്നു തന്നീടിലെ


നമ്മൾക്കമൃതും അമൃതമായ് തോന്നൂ
ഏതൊരു വേദവും ഏതൊരു ശാസ്ത്രവും
ഏതൊരു കാവ്യവും ഏതൊരാൾക്കും
ഹൃത്തിൽ പതിയേണമെങ്കിൽ സ്വഭാഷ തൻ
വക്ത്രത്തിൽ നിന്നു താൻ കേൾക്കവേണം


## ഡിജിറ്റൽ പെയിന്റിംഗ്











# കവിതകൾ

## അരയാൽ

അമ്പലനടയിലൊരാലുണ്ട്,
ആലിനു ചുറ്റും തറയുണ്ട്,
ഇലകളിലെന്നും പാട്ടുണ്ട്,
ഈണം പകരാൻ കാറ്റുണ്ട്,
ഉച്ചച്ചൂടിൽ കുളിരുണ്ട്.
ഊഞ്ഞാലാടാൻ കിളിയുണ്ട്,
ഋഷിവരർപോലും വരവുണ്ട്,
എപ്പൊഴുമവിടെത്തണലുണ്ട്,
ഏറെ പ്രായവുമതിനുണ്ട്,
ഐശ്വര്യത്തിൻ നിറവുണ്ട്,
ഒത്തിരിയൊത്തിരി കഥയുണ്ട്,
ഓർമ്മയിലെന്നും തെളിവുണ്ട്,
ഔന്നത്യം കൊണ്ടരയാല്
അമ്പലമതിലിൽ മുട്ടുന്നു!
അകലേനിന്നും നോക്കുമ്പോൾ
അമ്പോ! വലിയൊരു മലപോലെ!

## തത്തമ്മയോട്

കൂട്ടിലിരിക്കും തത്തമ്മേ
പാട്ടുകൾപാടും തത്തമ്മേ
സൂക്ഷിച്ചോ നിൻകൂടിനരികേ
പൂച്ച പതുങ്ങിയിരിപ്പുണ്ട്.
കണ്ടാൽപ്പാവം പൂച്ചമ്മ
മിണ്ടാപ്പാവം പൂച്ചമ്മ!
തക്കം കിട്ടിക്കഴിയുമ്പോൾ
വെക്കം പുലിയായ് മാറീടും!
കൂട്ടിലിരിക്കും തത്തമ്മേ,
സൂക്ഷിച്ചോ നീ സൂക്ഷിച്ചോ!

## ഉമ്മ

അമ്മുക്കുട്ടിക്കമ്മ കൊടുത്തു
കുഞ്ഞിക്കവിളിൽ രണ്ടുമ്മ,
അമ്പിളിനെറ്റിയിലച്ഛൻ നൽകീ
പൊന്നുമകൾക്കൊരു പിഞ്ചുമ്മ
വെറ്റ മുറുക്കിയ ചുണ്ടാലേകി
മുത്തശ്ശി നിറുകയിൽ മൂന്നുമ്മ
കരിവളയിട്ടൊരു കൈയിൽച്ചേട്ടൻ
തരുതുരെവെച്ചു നാലുമ്മ
അമ്മുക്കുട്ടിക്കാകെക്കിട്ടിയൊ
രുമ്മകൾ എത്ര? പറഞ്ഞോളൂ.

## വിടവാങ്ങിയ ആ ദിനങ്ങൾ

വിട വാങ്ങിയ ആ ദിനങ്ങൾ
ഇനിയും തിരിച്ചു വരുമോ?
അവസാന നാളിൽ
നീ ചാരത്തണഞ്ഞപ്പോൾ
ഓർത്തുപോയി ഞാൻ
നമ്മൾ തൻ കുട്ടിക്കാലം
പെട്ടെന്നു വീശിയ
കാറ്റു പോലെ
പാറിപറന്നുപോയി
ആ നാളുകൾ
വസന്തവും ഗ്രീഷ്മവും
വന്നു പോയി
ഓർമ്മതൻ ചെപ്പിലെ
മണിമുഴങ്ങി
വിടവാങ്ങിയ ആ ദിനങ്ങൾ
ഇനിയും തിരിച്ചു വരുമോ?

## പരുന്ത്

പട്ടം മാതിരി വാനിൽ
ചുറ്റിപ്പാറിനടക്കും
കൊച്ചുപരുന്തേ, നിന്നെ
കാണാനെന്തൊരു ഭംഗി!
നിനക്കു വേണ്ട വിമാനം
നിനച്ചപോലെ ചിരിക്കാൻ,
നിനക്കു തരമാണെങ്ങും
കൊതിച്ച കാഴ്ചകൾ കാണാൻ!
മഴവില്ലുകളുടെ നാട്ടിൽ
മഴമേഘങ്ങടെ നാട്ടിൽ
ആരും കൂട്ടില്ലാതെ
യാരെത്തേടു നടപ്പൂ?
തീവെയിലേൽക്കുന്നേരം
ദേഹം കരിയുകയില്ലേ?
ചീറിയടിക്കും കാറ്റിൽ
ചിറകു കുഴഞ്ഞീടില്ലേ?


## യാത്ര

കരളിന്റെ തിണ്ണയിലെല്ലാം
നിറഞ്ഞുനിന്ന മിഴികൾ
യാത്രയ്ക്കായി ഒരുങ്ങുന്ന വണ്ടി
നിന്നെയും വഴിയിൽ പൂക്കാൻ
മറന്നുപോയ ചെടികൾ
മുഖം മറച്ചു നിൽപ്പൂ മരങ്ങൾ
പാടാൻ മറന്നു കിളികൾ
വസന്തകാലത്തിൻ തുടിപ്പുകൾ
ഇന്നെന്റെ മനസ്സിൽ നിറയെ
ഏതോ വിദൂരമാം ദിക്കിൽ
ആ വണ്ടി വന്നു ചേരും നേരം
അജ്ഞാത ദ്വീപിൽ നീ ഇറങ്ങി
വാതിൽ തഴുകി കേറുമ്പോൾ
ഓർക്കുക നീ നിന്റെ വസന്തകാലം

# "പ്രളയാനന്തരം"

**കേരളം കണ്ട മഹാപ്രളയത്തിനു സാക്ഷികളായിരുന്നു നാം.**
**പ്രളയക്കാഴ്ചകളും പ്രളയാനന്തര നവകേരളവും**
**കുട്ടികളുടെ ഭാവനയിൽ....**



























LET'S HELP
KERALA
FLOOD VICTIMS

# ആസ്വാദനക്കുറിപ്പുകൾ

## മീനുപ്പൂച്ച



*മീൻകറി കൂട്ടി ചോറുണ്ടിട്ട്*
*മീനുപ്പൂച്ച വരുന്നുണ്ടേ !*
*മീശയിളക്കി, മുഖം മിനുക്കി*
*മേശക്കീഴിലിരിപ്പുണ്ടേ !*
*കണ്ടോ കാലും വാലും നീട്ടി*
*നീണ്ടു ചരിഞ്ഞു കിടപ്പായി*
*ഉണ്ടുകഴിഞ്ഞാലിത്തിരി നേരം*
*ഉച്ചയുറക്കം പതിവുണ്ടേ*
-അസുരമംഗലം വിജയകുമാർ

ഈ കവിത എഴുതിയത് അസുരമംഗലം വിജയകുമാറാണ്. ഈ കവിതയിൽ എനിക്ക് ഇഷ്ട്ടപ്പെട്ട വരികൾ, "ഊണ് കഴിഞ്ഞാലിത്തിരി നേരം ഉച്ചയുറക്കം പതിവുണ്ടേ."

മീനുപ്പൂച്ച മീൻകറി കൂട്ടിയാണ് ചോറ് ഉണ്ടത്. അതിനുശേഷം മീശയിളക്കി മുഖം മിനുക്കി മേശയുടെ കീഴിൽ ഇരിക്കും. അവന്റെ കാലും വാലും നീട്ടി ചരിഞ്ഞു കിടക്കുന്നു. ഊണ് കഴിഞ്ഞാൽ കുറച്ചുനേരം ഉച്ചയ്ക്ക് ഉറക്കം അവന് പതിവാണ്.

PAVITHRA.E.R 5C

## "ഇത്തിരിക്കുഞ്ഞ് "

**- പ്രിൻസ**

പ്രിൻസ എന്ന എഴുത്തുകാരി എഴുതിയ 'ഇത്തിരിക്കുഞ്ഞ് ' എന്ന പുസ്തകം എന്നെ വല്ലാതെ സ്വാധീനിച്ചു. ഒരു മുയലനോളം വലിപ്പമുള്ള, കണ്ടാലും മതിവരാത്ത പഞ്ചാരച്ചിരിയുള്ള ഇത്തിരിക്കുഞ്ഞ് എന്ന കുസൃതിക്കുട്ടനും കാട്ടിലെ അവന്റെ ചങ്ങാതിമാരും കുട്ടികളായ ഞങ്ങൾക്കുവേണ്ടി തീരാക്കൗതുകങ്ങളുടെ സ്നേഹവിരുന്നൊരുക്കുകയാണ് ഈ ചെറുനോവലിലൂടെ. ഇത്തിരിക്കുഞ്ഞിന്റെ എല്ലാ എന്റെയും കൂടി കൂട്ടുകാരാണെന്ന് ഈ കഥ വായിച്ചപ്പോൾ എനിക്കു തോന്നിപ്പോയി. എത്ര വലിയ പ്രതിസന്ധികൾ വന്നിട്ടും അതിനെയൊക്കെ അതിജീവിച്ച് ഈ കുഞ്ഞൻ രക്ഷപ്പെട്ടില്ലേ? അത് അവന്റെ സാമർത്ഥ്യം. ഇത്തിരിയുടെ ആ സാമർത്ഥ്യത്തിന്റെ കഥയാണ് "ഇത്തിരക്കുഞ്ഞ്" എന്ന പുസ്തകത്തിലൂടെ പ്രിൻസ വിവരിക്കുന്നത്.

അച്ഛനും അമ്മയും നമ്മുടെ കാണപ്പെട്ട ദൈവങ്ങളാണ്. അവരെ കബളിപ്പിച്ചു കൊണ്ട് കാട്ടിലെ തന്റെ കൂട്ടുകാരോടൊപ്പം കളിച്ചു നടന്ന ഇത്തിരക്കുഞ്ഞ് എന്തെല്ലാം അപകടങ്ങളിലാണ് ചെന്ന് ചാടുന്നത്. മുതലകൾ നിറഞ്ഞ കുടുക്കാംപുഴയിലേക്ക് ചാഞ്ഞുകിടക്കുന്ന മരത്തിൽ നിന്ന് പിടിവിട്ട് താഴേക്കു വീഴുന്നതിനിടയിൽ മരച്ചില്ലയിൽ തൂങ്ങിക്കിടക്കുന്ന ജിട്ടുക്കുരങ്ങൻ രക്ഷകനായെത്തിയപ്പോൾ എനിക്ക് എന്തൊരാശ്വാസമാണ് അനിഭവപ്പെട്ടത്. ഗട്ടൻ എന്ന ദുഷ്ടനായ കഴുകനിൽനിന്നും ഇത്തിരിയെ പലവട്ടം രക്ഷിക്കുന്ന ചിണ്ടൻ ചെന്നായ വായനക്കാരായ നമ്മുടെയും


കൂട്ടുകാരനായി മാറുകയാണ് ഈ കഥ വായിക്കുമ്പോൾ. ഒടുവിൽ ഇത്തിരക്കുഞ്ഞനെ റാഞ്ചിയെടുത്തുകൊണ്ട് ഗട്ടൻ കഴുകൻ ആകാശത്തിലൂടെ വട്ടമിട്ടു പറക്കുന്നതും പെട്ടെന്ന് പിടിവിട്ട് താഴ്‌വരക്കാട്ടിലെ താമരപ്പൂവിൽ വീഴുന്നതും താമര കൂമ്പിപോകുന്നതും ഇതിലകപ്പെട്ട ഇത്തിരക്കുഞ്ഞ് സഞ്ചുവിന്റെയും പിഞ്ചുവിന്റെയും അവിടത്തെ സന്തോഷം നിറഞ്ഞ സന്ദർഭങ്ങളും എല്ലാമെല്ലാം ഒരു മുത്തശ്ശിക്കഥ പോലെ എത്ര മനോഹരമായിട്ടാണ് ഈ പുസ്തകം നമുക്ക പറഞ്ഞുതരുന്നത്. ഒടുവിൽ സർക്കസ്സുകാരുടെ പിടിയിലകപ്പെട്ട ഇത്തിരക്കുഞ്ഞ് അവിടെനിന്നും രക്ഷപ്പെട്ട് സ്വന്തം അച്ഛന്റെയും അമ്മയുടെയും അടുത്തെത്തുന്നത് തന്റെ കൂട്ടുകാരനായ ജിട്ടുക്കുരങ്ങൻ പഠിപ്പിച്ചുകൊടുത്ത സൂത്രവിദ്യയിലൂടെയാണ്. അച്ഛനെയും അമ്മയെയും അവൻ എന്തുമാത്രമാണ് വിഷമിപ്പിച്ചത്. എങ്കിലും പ്രതിസന്ധികളിൽ തളരാത്ത ഇത്തിരക്കുഞ്ഞിന്റെ ആ കുഞ്ഞു മനസ്സ് എനിക്ക് ഇഷ്ടമായി. ആ കുസൃതിക്കുട്ടനെ നേരിൽ കാണാൻ എനിക്കിപ്പോൾ തോന്നുകയാണ്.

ഈ പുസ്തകം വായിച്ചാൽ ആർക്കാണ് അങ്ങനെ തോന്നാതിരിക്കുക? ഈ കഥ എത്ര വായിച്ചിട്ടും എനിക്ക് മതിവരുന്നില്ല. അത്രയ്ക്കും രസമുള്ള പതിനഞ്ചു ഭാഗങ്ങളായിട്ടാണ് ഈ കഥ രചിച്ചിരിക്കുന്നത്. ഏതൊരു കുട്ടിയെയും സ്വാധീനിക്കുംവിധം ലളിതമായാണ് ഈ കഥ രചിച്ചിരിക്കുന്നത്.

AARCHA. P. MANOJ - 5 B

## കിളികളും നമ്മളും

ശ്രീ സുഭാഷ് ചന്ദ്രന്റെ 'കിളികളും നമ്മളും' എന്ന കഥയാണ് ഞാൻ വായിച്ചത്.



നാം നിസ്സാരമെന്ന് കരുതി ചെയ്യുന്ന ചില കാര്യങ്ങൾ എത്ര വലിയ തെറ്റാണെന്ന് ആ കഥ വായിച്ചപ്പോൾ എനിക്ക മനസ്സിലായി.

ഒരു മടിയൻകുട്ടി അവന്റെ നഖം വെട്ടി വീട്ടുമുറ്റത്തിട്ടു. അതിലെ പറന്നു വന്ന ഒരു കിളി അത് നഖമാണെന്ന് അറിയാതെ കൊത്തിത്തിന്നു. അതുമൂലം ആ കിളിക്കും അതിന്റെ കൂട്ടുകിളികൾക്കും തീറ്റ കിട്ടാതയും മറ്റും അനുഭവിക്കേണ്ടി വന്ന ദുർവിധിയാണ് ആ കഥയിൽ പറഞ്ഞിരിക്കുന്നത്.

അവസാനം കിളികൾ മടിയൻ കുട്ടിയെ കാണാൻ ചെന്നു. എന്നിട്ട ആ കുട്ടിയോട് പറഞ്ഞു: അശ്രദ്ധയും മടിയും കൊണ്ട് നീ ചെയ്യുന്ന ഓരോ കാര്യവും മറ്റുള്ളജീവികൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നു. നീ വലിച്ചെറിഞ്ഞ വെറും ഒരു നഖം കാരണം ഞങ്ങൾ ഇത്രയും നാൾ വിഷമിച്ചു. അപ്പോ പ്രകൃതിയിലെ ജീവജാലങ്ങൾക്കും എത്രമാത്രം ദോഷമുണ്ടാകുന്നു എന്ന് ഞാൻ ഓർത്തു.

## "കൊടുങ്കാറ്റ് " ( THE TEMPEST)

1610 – 11 കാലയളവിൽ രചിക്കപ്പെട്ട 'കൊടുങ്കാറ്റ്' (The Tempest) എന്ന നാടകം വില്ല്യം ഷേക്സ്പിയറിന്റെ വിഖ്യാതകൃതികളിലൊന്നാണ്. ഷേക്സ്പിയർ തനിയെ രചിച്ച അവസാനത്തെ കൃതിയാണിതെന്നാണ് നിരൂപകമതം.

വിദൂരമായ ദ്വീപിൽ അഭയം തേടിയ മിലാനിലെ പ്രഭുവായ പ്രോസ്പെറോ തനിക്കു നഷ്ടപ്പെട്ടതെല്ലാം മകൾ മിറാൻഡയ്ക്ക് തന്റെ മാന്ത്രിക ശക്തികൊണ്ട് വീണ്ടെടുത്ത് കൊടുക്കുന്നതാണ് ഈ കൃതിയുടെ ഇതിവൃത്തം.


കൊടുങ്കാറ്റ് എന്ന കഥ വളരെ മനോഹരവും അതേപോലെ വളരെയധികം അത്ഭുതകരവുമാണ്. ഇതിലൂടെ നമുക്ക് നല്ലൊരു പാഠം പഠിക്കാൻ സാധിക്കുന്നുണ്ട്. എന്താന്നുവെച്ചാൽ നമ്മൾ നല്ലവരെ മാത്രം വിശ്വസിക്കുക. ചതിയന്മാരെ വിശ്വസിച്ചാൽ ഈ കഥയിലെ പ്രോസ്പെറോയുടെ ഗതി നമുക്ക് സംഭവിക്കാതിരിക്കാൻ 'കൊടുങ്കാറ്റ്' എന്ന കഥ നമ്മളെ സഹായിക്കും.

ഈ കഥയലെ നായകനും മിലാനിലെ ഒരു പാവം പ്രഭവുമായിരുന്നു പ്രോസ്പെറസ്. അദ്ദേഹത്തിന് ഒരു അനുജൻ ഉണ്ടായിരുന്നു. അയാൾ വളരെ ക്രൂരനും അത്യാർത്തിയുള്ളവനുമായിരുന്നു. അദ്ദേഹത്തിന്റെ പേര് ആന്റോണി. അയാൾ പ്രോസ്പെറസിനെ കൊല്ലാൻ അയൽ രാജ്യ രാജാവായ അലോൻസോയും കൂടി കപ്പലിൽ കയറ്റി ചെറുവഞ്ചിയിലാക്കിവിട്ടു. പിന്നെ അവർ ഒരു ഗുഹയിലെത്തി. അങ്ങനെ കുറച്ച് കഴിഞ്ഞപ്പോൾ ഒരു ഒച്ചകേട്ടു. നോക്കുമ്പോൾ ഒരു പൈൻമരത്തിൽ തളച്ചിട്ടിരിക്കുന്ന ഒരു അരൂപി. അയാളുടെ പേര് ഏരിയാൽ എന്നായിരുന്നു. പ്രോസ്പെറസിന്റെ ഉറ്റ സുഹൃത്തായിരുന്നു ഏരിയാൽ. അങ്ങനെ കുറേനാൾ കഴിഞ്ഞ് പ്രോസ്പെറസിന്റെ മകൾ വലുതായി. അവളുടെ പേര് മിറാൻഡ എന്നായിരുന്നു. ഒരിക്കൽ അന്റോണിയും, അലാൻസോയും അയാളുടെ സഹോദരൻ സെബാസ്റ്റ്യാനും കുറേ പേരും കൂടി കപ്പലിൽ ഒരു യാത്ര ചെയ്തു. ഇതറിഞ്ഞ പ്രോസ്പെറസ് കൊടുങ്കാറ്റ് ഉണ്ടാക്കി അവരുടെ കപ്പൽ തകർക്കാൻ ശ്രമിക്കുന്നു. എന്നാൽ മകൾ മിറാൻഡ അതു സമ്മതിക്കുന്നില്ല. അവൾക്ക് ഇതിനു കാരണമെന്താണെന്ന അറിയില്ല. പിന്നീട് പ്രോസ്പെറസ് അവൾക്ക് എല്ലാം പറഞ്ഞുകൊടക്കുന്നു. അങ്ങനെ ആ കപ്പലിൽ നിന്നും അലോൻസോയുടെ മകൻ ഫെർഡിനാൻഡ് കടലിലേക്ക് ചാടുന്നു. അയാളെ

ഏരിയൽ രക്ഷിച്ച് പ്രോസ്പെറോയുടെ അടുത്തെത്തിക്കുന്നു. ഇതുവരെ അച്ഛനെയല്ലാതെ വേറെ മനുഷ്യനെയൊന്നും കാണാത്ത മിറാൻഡ അയാളെ കണ്ട് ആശ്ചര്യപ്പെടുന്നു. ഇതേപോലെ മനുഷ്യരുണ്ടെന്ന് അവളെ അച്ഛൻ പറഞ്ഞു മനസ്സിലാക്കുന്നു. കുറച്ചുനാൾ കഴിഞ്ഞ് മിറാൻഡയും ഫെർഡിനാൻഡും സ്നേഹത്തിലാകുന്നു പിന്നെ അന്റോണിയും, അലോൻസോയും, സെബാസ്റ്റ്യാനും അതേ കടൽ തീരത്ത് എത്തുന്നു. ഈ സമയം ഏരിയാൽ തന്റെ വിചിത്രമായ പാട്ടും പാടി അവരെ പ്രോസ്പെറോയുടെ അടുത്ത് എത്തിക്കുന്നു. മരിച്ചെന്നു കരുതിയ പ്രോസ്പെറോസിന്റെ പ്രേതമാണ് സംസാരിക്കുന്നതെന്ന വിചാരിച്ച് അവർ പേടിക്കുന്നു. പിന്നെ അവർ തങ്ങൾ ചെയ്ത തെറ്റിന് മാപ്പപേക്ഷിക്കുന്നു. അവസാനം അലോൻസോയുടെ മകനെ പ്രോസ്പെറോ കാണിച്ചു കൊടുക്കുന്നു. അതേപോലെ താൻ മരിച്ചിട്ടില്ലെന്നും തന്റെ മകൾ മിറാൻഡയും ഫെർഡിനാന്റും തമ്മിൽ സ്നേഹത്തിലാണെന്നുംപ്രോസ്പെറോ  അറിയിക്കുന്നു. ഇതറിയുന്ന അലോൺസോയ്ക്ക് സന്തോഷമാകുന്നു. പിന്നെ അവർ തിരിച്ച് മിലാനിലേക്ക് പോകുന്നു. അതിനുമുന്പ് അരൂപിയായി ഏരിയലിനെ സ്വതന്ത്രനാക്കുന്നു. അങ്ങനെ പ്രോസ്പെറോ മിലാനിലെ പ്രഭുവായി ജനങ്ങളെ സേവിച്ചു.

ഈ കഥ എന്റെ ജീവിതത്തിൽ ഒരിക്കലും മറക്കാൻ പറ്റില്ല. അതേപോലെ വില്ല്യം ഷേക്സ്പിയറിന്റെ കഥകളെല്ലാം ഒരു മാജിക്ക് പോലെയാണ്. ഇത് വളരെ നല്ല കഥയാണ്.

HARILAYA. M. R



## 'അക്ഷരമധുരം'

ഞാൻ വായിച്ച പുസ്തകത്തിന്റെ പേരാണ് അക്ഷരമധുരം മലയാള ഭാഷ ജാലകം. ഇതെഴുതിയത് ഡോ: എം കെ സന്തോഷ് കുമാറാണ്. ഇദ്ദേഹത്തിന്റെ ഈ പുസ്തകം എല്ലാവർക്കും അറിവ് പകർത്തുന്നൊരു പുസ്തകമാണ്. എനിക്ക് ഈ പുസ്തകത്തിലെ ഡോ: എം കെ സന്തോഷ് കുമാർ എഴുതിയ ഏറ്റവും ഇഷ്ടപ്പെട്ട ഭാഗമാണ് ഹരിതരകേരളം എത്രസുന്ദരം, വാക്കേ വാക്കേ വാമൊഴിയെ. പുതുതലമുറയെ ഭാഷയിൽ ഉറപ്പിച്ചുനിർത്തുന്ന കൃതി. അകഷരങ്ങളെ ഊതി ഊതി ജ്വലിപ്പിച്ച് മാതൃഭാഷയെ ഉള്ളിൽ ഊട്ടി ഉറപ്പിക്കാനും സഹായിക്കുന്ന ഏറ്റവും നല്ല രചന.

ANUSREE. K. R - 5B

## പാത്തുമ്മയുടെ ആട് - ഒരു ചെറിയ വീക്ഷണം

മലയാള നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര സമര സേനാനിയും, ബേപ്പൂർ സുൽത്താൻ എന്ന അപരനാമത്തിലും അറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ ജനുവരി 1908 തലയോലപ്പറമ്പ്, വൈക്കത്താണ് ജനിച്ച്. കേന്ദ്ര കേരള സാഹിത്യ അക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, ഫെല്ലോഷിപ്പ്,



ലളിതാംബിക അന്തർജനം അവാർഡ്, മുട്ടത്തുവർക്കി അവാർഡ് തുടങ്ങിയ അവാർഡുകൾ ബഷീറിനുമുൻപിൽ അണിനിരന്നു. ന്റെ പുപ്പാക്കൊരാനണ്ടാർന്നു, പ്രേമലേഖനം, ബാല്യകാലസഖി, പാത്തുമ്മയുടെ ആട്, മതിലുകൾ, ഭൂമിയുടെ അവകാശികൾ തുടങ്ങി ഒട്ടനവധി കൃതികൾ രചിച്ചിട്ടുണ്ട്. ഇവയിൽ എന്നും ഒരുപോലെ വായനക്കാർ ഇഷ്ടപ്പെടുന്ന ഒരു കൃതിയാണ് പാത്തുമ്മയുടെ ആട്. 1959 ലാണ് ഈ നോവൽ പ്രസിദ്ധീകരിക്കുന്നത്. 'പെണ്ണുങ്ങളുടെ ബുദ്ധി' എന്ന പേരുകൂടി ഈ നോവലിന് ഉണ്ട്. ഈ നോവലിലെ കഥാപാത്രങ്ങളെല്ലാം തന്നെ ബഷീറിന്റെ കൂട്ടുകുടുംബത്തിന്റേതാണ്. ബഷീറിന്റെ സഹോദരി പാത്തുമ്മ വളർത്തുന്ന ആടും ഇതിലെ കഥാപാത്രമാകുന്നു എന്നതാണ് പ്രധാന സവിശേഷത. ദൈനംദിനജീവിതത്തിന്റെ ഭാഗങ്ങളും തനതായ സാധാരണ ബാഷയും നിറച്ചുകൊണ്ടാണ് ബഷീർ ഈ കൃതി രചിച്ചിട്ടുള്ളത്. വീണ്ടും വായനയ്ക്ക് വിധേയമാക്കാതെ എഴുതിയപോലെ തന്നെ തിരുത്തുകളൊന്നും ഭാഷയിൽ ചേർക്കാതെ അതേപടി പ്രസിദ്ധപ്പെടുത്തി. പേര് സൂചിപ്പിക്കുന്നത് പോലെ തന്നെ പാത്തുമ്മയുടെ ആടിനെ ചുറ്റിപ്പറ്റിയുള്ള കഥയാണിത്. ബഷീറിന്റെ രണ്ട് സഹേദരിമാരിൽ മൂത്തത് പാത്തുമയാണ്. പാത്തുമ്മയ്ക്കും ഭർത്താവ് കൊച്ചുണ്ണിയ്ക്കും ഖദീജ എന്നൊരു മകളുണ്ട്. ബഷീറിന്റെ സഹോദരങ്ങളിൽ തറവാട്ടിൽനിന്ന് മാറി താമസിക്കുന്നത് പാത്തുമ മാത്രമാണ്. എന്നിരുന്നാലും മകളെയും കൂട്ടി തറവാട്ടിലേക്കു വരും. അവരുടെ വായിൽനിന്നും ബഷീർ ഉതിർത്തുവയ്ക്കുന്ന വാചകമാണ് 'എന്റെ ആട് പെറട്ടെ, അപ്പൊ കാണാം'.

വിദ്യാഭ്യാസം തീരെയില്ലെങ്കിലും കുടുംബത്തിനായി പാത്തുമ്മ അധ്വാനിച്ചു. പാത്തുമ്മയുടെ ആടും അത് ആ വീട്ടിലുണ്ടാക്കിയ കോലാഹലങ്ങളും അതിലുപരി ആടിന്റെ പാൽ കൈക്കൂലിയായി ഉപയോഗിക്കേണ്ടി വന്നതും ഒക്കെയാണ് കഥയുടെ ഇതിവൃത്തം. പാത്തുമ്മ പറഞ്ഞുവന്നപോലെ ആടിനു കുഞ്ഞുണ്ടായി. പാൽ വിറ്റ കാശുകൊണ്ട് ചെയ്യുതീർക്കാനുള്ള ജോലികൾ പാത്തുമ നിരനിരയാക്കി വച്ചു. എങ്കിലും തന്റെ കുടുംബക്കാർക്കുവേണ്ടി ആടിന്റെ പാൽ കൈക്കൂലിയായി പാത്തുമയ്ക്ക് ഉപയോഗിക്കേണ്ടി വന്നു. ഒരിക്കൽ ബഷീറിൻ തന്റെ വീട്ടിലേക്ക് ക്ഷണിക്കുകയും പത്തിര, കരൾ വരട്ടിയതും വച്ച് സൽക്കരിക്കുകയും ചെയ്യു. മറ്റു സഹോദരങ്ങൾക്ക് ഇത് സഹിച്ചില്ല. പാത്തുമ്മയുടെ ഭർത്താവ് പണത്തിന്റെ പേരിൽ അവർക്ക് കടപ്പെട്ടിരുന്നു. ഭർത്താവിനെയു പാത്തുമയെയും മകളെയും പ്രതിക്കൂട്ടിലാക്കി കേസെടുക്കുമെന്നു ആടിനെ ജപ്തി ചെയ്യുമെന്നും അവർ ഭീഷണിപ്പെടുത്തി. അങ്ങനെ പാത്തുമ്മയ്ക്ക് ആട്ടിൻപാൽ കൈക്കൂലിയായി ഉപയോഗിക്കേണ്ടി വന്നു. ഇതിനുപുറമെ പാത്തുമ്മ അറിയാതെ ആടിന്റെ പാൽ സഹോദരങ്ങൾ കറന്നെടുക്കുകയും ചെയ്യിരുന്നു. ഇങ്ങനെ പാത്തുമ്മയെുടയും ആടിന്റെയും കഥയാണ് ഇതിവൃത്തമായി വരുന്നത്.

ബഷീറിന്റേതായ ഭാഷയും നർമ്മത്തിന്റെ നിറക്കൂട്ടുമാണ് നോവലിന്റെ പ്രത്യേകത. ഏതൊരു വായനക്കാരനെയും പിടിച്ചുനിർത്താൻ കഴിയുന്ന ഈ ശൈലി നോവലിന്റെ പ്രാധാന്യം വർദ്ധിപ്പിച്ചു. ഇന്നും ഈ നോവൽ പുസ്തക അടുക്കുകളുടെ കൂട്ടത്തിൽ ഒന്നാമനായി നിൽക്കുന്നു. വായനക്കാർ എന്നും മനസ്സിൽ കൊണ്ടുനടക്കുകയും ചെയ്തുവരുന്നു.

SANDRA VIPIN DAS - 7 E

## 'പറന്നു പറന്ന് '

- ഐ. ആർ കൃഷ്ണൻ (മേത്തല)



ഐ. ആർ കൃഷ്ണൻ മേത്തലയുടെ പറന്നു പറന്ന എന്ന പുസ്തകമാണ് ഞാൻ വായിച്ചത്. കഥയിൽ അമ്മപൊന്മാനും പൊന്മാൻകുഞ്ഞുമാണ് കഥാപാത്ര ങ്ങൾ. പൊന്മാൻകുഞ്ഞിന് പറക്കാനും വെളത്തിൽ നിന്ന് മീൻ പിടിക്കുന്നതിനും ആഗ്രഹം ഉണ്ടാകുന്നു. എന്നാൽ അമ്മപൊന്മാൻ അത് വിസ്സമ്മതിക്കുന്നു. എന്നാൽ കുഞ്ഞ് അമ്മയ്ക്ക് മുന്നിൽ പറന്നുകാണിക്കുകയും മീൻപിടിക്കുന്നതിൽ പരാജയപ്പെട്ടെങ്കിലും പിൻമാറാതെ പരിശ്രമം തുടർന്ന് വിജയത്തിലെത്തുകയും ചെയ്തു. ഈ കഥയിൽ നിന്ന് നല്ലൊരു ഗുണപാഠമാണ് നമുക്ക് ലഭിക്കുന്നത്. പലതവണ പരാജയപ്പെട്ടാലും പരിശ്രമത്തിലൂടെ വിജയത്തിലെത്താമെന്ന് നല്ലൊരു പാഠം ഈ കഥയിൽ നിന്ന് ലഭിക്കുന്നു.

-ASWATHY. C. A 5 D

## 'ടോട്ടോ - ചാൻ'




ജപ്പാനീസ് ഭാഷയിൽ ഒരു ചൂടപ്പം പോലെ വിറ്റ പുസ്തകമാണ് 1982 ൽ പുറത്തിറങ്ങിയ ടോട്ടോ-ചാൻ. ലോക മെങ്ങുമുള്ള എല്ലാ പ്രധാന ഭാഷകളി ലേക്കും ഈപുസ്തകം തർജ്ജമ ചെയ്യ പ്പെട്ടിട്ടുണ്ട്. കോടിക്കണക്കിന് പ്രതികൾ വിറ്റഴിക്കപ്പെട്ട ഇതിന്റെ പ്രചാരത്തെ ക്കുറിച്ച് 'ടോട്ടോ-ചാൻ സിൻഡ്രോം', 'ടോട്ടോ-ചാൻ സെല്ലറിന്റെ കഥ', തുടങ്ങിയ പുസ്തകങ്ങൾ പ്രസിദ്ധീകരി ക്കപ്പെട്ടു.

റ്റോമോ എന്ന അന്യദൃശ സ്കൂളിനെകുറിച്ചുള്ള ഈ പുസ്തകം കുട്ടികളെ സ്നേഹിക്കുന്ന എന്നാവരും വായിക്കുന്നു. ഒരു ലക്ഷത്തലേറെ പ്രതികൾ മലയാളത്തിൽ വിൽക്കപ്പെട്ടു. “ടോട്ടോ ഇനി നീ ഈ സ്കൂളിലെ കുട്ടിയാണ്.” മാസ്റ്ററുടെ ഈ വാക്കുകൾ കേട്ടനിമിഷം മുതൽ അടുത്ത പ്രഭാതം ഇങ്ങ് എത്തിയാൽ മതിയെന്നായി ടോട്ടോ ചാന്. ഒരു പകലിനു വേണ്ടി ഇത്രയേറേ ആഗ്രഹത്തോടെ അവൾ ഇന്നേവരെ കാത്തിരുന്നിട്ടില്ല. അതായിരുന്നു ടോട്ടോചാൻ എന്ന വികൃതിപ്പെൺകുട്ടിയുടെ ഹൃദയം കവർന്ന റ്റോമോ വിദ്യാലയം. ഈ കഥയെഴുതിയത് തെത്സുകോ കുറോയാനഗിയായി വളർന്ന പഴയ ടോട്ടോചാൻ ആണ്. അൻവർ അലിയാണ് ഈ പുസ്തകം മലയാളത്തിലേക്ക് തർജ്ജമ ചെയ്തത്. ഇതിൽ 61 കഥകളുണ്ട്. ഇതിലെ എല്ലാ കഥകളും എനിക്ക് ഇഷ്ടപ്പെട്ടു. രണ്ടാം ലോക മഹായുദ്ധത്തിൽ തകർന്ന സ്കൂൾ ആണ് ടോട്ടോചാന്റേത്.

**ANUVINDA V ANOOP 5D**

## അമൃദക്കുട്ടിയുടെ ചിത്രപ്രദർശനം




ഞാൻ വായിച്ച പുസ്തകത്തിന്റെ പേര് അമുദക്കുട്ടിയുടെ ചിത്രപ്രദർശനം എന്നു പറയുന്ന ചെറിയ പുസ്തകമാണ്. അമുദക്കുട്ടിയുടെ ഇഷ്ടവിനോദം ചിത്രരചന യാണ്. ഒരു ദിവസം അവിചാരിതമായി അമുദക്കുട്ടിക്ക് വിദ്യാലയത്തിൽ നിന്നും ടീച്ചർ പറഞ്ഞു: “നാളെ അവധിയാണ്. നാളെ വിദ്യാലയത്തിൽ വരണ്ട.” അമ്മയ്ക്കും അച്ഛനും ആ ദിവസമാണ് ജോലി. ആ ദിവസം അച്ഛനും അമ്മയ്ക്കും അവധിയെടുക്കാനാവാത്ത സാഹ

ചര്യമാണ്. പത്ത് നിലയുള്ള കെട്ടിടത്തിലാണ് അവരുടെ താമസം. ഒരു ദിവസം പോലും അവർ മകളെ ഒറ്റക്കിട്ട് എവിടെയും പോയിട്ടില്ല. അമുദക്കുട്ടി പറഞ്ഞു, "ഞാൻ ഇവിടെയിരുന്ന് ചിത്രം വരച്ചുകൊള്ളാം." അമ്മ അവളോട് പറഞ്ഞു. "മോളെ സൂക്ഷിച്ച് ഇരിക്കണം. ആരുവന്നാലും നോക്കിയിട്ടെ വാതിൽ തുറക്കാവൂ." നമ്മൾക്കും മാതാപിതാക്കളുണ്ട്. അവർ നമ്മളെ ഒറ്റക്ക് നിർത്തി പോയാൽ പറയും "മോളെ,സൂക്ഷിക്കണം" എന്നൊരു വാചകം. അങ്ങനെ അമുദക്കുട്ടി ആലോചിച്ചു. "എന്തു ചിത്രം വരക്കും?" അപ്പോൾ വാതൽ മുട്ടുന്ന ശബ്ദം കേട്ടു. ജനാലയിലൂടെ നോക്കിയപ്പോൾ ഒരു പശുവും രണ്ട ചെറിയ തീവണ്ടിപോലെയുള്ള തേരട്ടകളും. അമുദക്കുട്ടിക്ക് അത്ഭുതം തോന്നി. അമുദക്കുട്ടി അവരെ വീട്ടിലേക്ക് ക്ഷണിച്ചു. പശു "നന്ദി" എന്നു പറഞ്ഞു. അമുദക്കുട്ടി വിചാരിച്ചു സംസാരിക്കുന്ന പശുവോ? മോളിൽ നിന്ന് ഒരു ശബ്ദം കേട്ടു. നമ്മളൊരു ശബ്ദം കേട്ടാൽ അത് എന്താണ് എന്നറിയാൻ മോഹം തോന്നും. അതുപോലെ അവളും അത് നോക്കാൻ ചെന്നപ്പോൾ ഒരു മിസൈൽ പറന്നു കളിക്കുന്നു. അവൾ മിസൈലിനോടും കൂട്ടായി. കുറച്ചുനേരം കഴിഞ്ഞപ്പോൾ പശു കേക്കുണ്ടാക്കി തിന്നു. എല്ലാവരും പിരിഞ്ഞു. അമുദക്കുട്ടി നടന്നതെല്ലാം പടം വരച്ചു തൂക്കിയിട്ടു. അമ്മയും അച്ഛനും വന്നപ്പോൾ മനോഹരമായ പടങ്ങൾ. ഇതാണ് ഈ കഥ. എനിക്കിതിൽ ഏറ്റവും കൂടുതൽ ഇഷ്ടമായ കഥാപാത്രം അമുദക്കുട്ടിയാണ്. അമുദക്കുട്ടിയെ എനിക്ക് ഇഷ്ടപ്പെടാൻ കാരണം:അവളെ പോലെ എനിക്കും ഇഷ്ടം ചിത്രരചനയാണ്. ഇതെഴുതിയത് സുസവേഷ് ചന്ദ്രോത്ത് ആണ്. എനിക്ക് ഈ കഥ ഒത്തിരി ഇഷ്ടമായി.

NANDIKA B 5D

## സ്റ്റുവർട്ട് ലിറ്റിൽ




ഈ അടുത്ത് വായിച്ചിരുന്ന എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഒരു പുസ്തകമാണ് സ്റ്റുവർട്ട് ലിറ്റിൽ. ഇത് എഴുതിയിരിക്കുന്നത് *E.B White* എന്ന പ്രശസ്ത അമേരിക്കൻ എഴുത്തുകാരനാണ്. സ്റ്റുവർട്ട് ലിറ്റിൽ ഒരു എലിയാണ്. അവൻ ന്യൂയോർക്കിൽ അവന്റെ അച്ഛൻ അമ്മയുടെ കൂടെയാണ് താമസിക്കുന്നത്. ജോർജ് എന്ന് പേരുള്ള മൂത്ത ജേഷ്ഠൻ സ്റ്റുവർട്ടിനുണ്ട്. അവനെ കുടുംബത്തലെ എല്ലാവരെയും സ്നേഹിക്കുന്നു. അവൻ തിരിച്ച് അതുപോലെ സ്നേഹിക്കുന്നു. Snow bell എന്ന പൂച്ചയ്ക്ക് മാത്രം അവനെ ഇഷ്ടമല്ല. പല തവണ സ്റ്റുവർട്ടിനെ അപകടത്തിൽ പെടുത്താൻ ശ്രമിച്ചിട്ടുള്ള പൂച്ചയാണ് സ്നോബെൽ. പുസ്തകത്തിൽ ഉടനീളം കാണുവാൻ കഴിയുന്നത് സ്റ്റുവർട്ടിന്റെ സാഹസിതകളാണ്. ഈ പുസ്തകത്തിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഭാഗം സ്റ്റുവർട്ടും മാർഗലോ എന്ന പക്ഷിയുടെയും സൗഹൃദമാണ്. ഈ സൗഹൃദം

കുഞ്ഞ് എലിയെ പല അപകടങ്ങളിൽനിന്നും രക്ഷിച്ചു. പൂച്ചയിൽനിന്നും രക്ഷനേടുവാൻ ഓടിപ്പോകുന്നു. പക്ഷിയെ കണ്ടുപിടിക്കാൻ സ്റ്റുവർട്ട് തനിച്ചിരിക്കുന്നു. ആ യാത്ര സാഹസികത നിറഞ്ഞത് ആയിരുന്നു. അവൻ മറ്റു പല കഥാപാത്രങ്ങളെ ഈ യാത്രയിൽ കാണുന്നു. തന്റെ കൂട്ടുകാരിയെ കണ്ടുപിടിക്കാൻ പ്രതീക്ഷയുടെ യാത്ര തുടരുന്നു.....

YADHU ROHITH KRISHNA.C.U -5 G

## കരടിയുടെ ഭംഗിവാക്ക്



ഞാൻ ആസ്വാദനക്കുറിപ്പായി എഴുതിയ കഥയാണ് കരടിയുടെ ഭംഗിവാക്ക്. ഈ കഥയുള്ള പുസ്തകത്തിന്റെ പേരാണ് ഈസോപ്പ് ബീർബൽ തെന്നാലിരാമൻ കഥകൾ. ഈ കഥ എഴുതിയത് മഹാവ്യക്തിയാണ് ഈസോപ്പ്. ഈ കയിൽ എനിക്ക് ഇഷ്ടപ്പെട്ട് ഭാഗം കുറുക്കൻ കരടിയെ കളിയാക്കി പറയുന്നതാണ്. ആ വരികൾ ഇതെല്ലാം. "സുഹൃത്തെ താങ്കളുടെ വാഗ്വിലാസം കെങ്കേമമായിട്ടുണ്ട. ഇത്ര ഭംഗിയായി താങ്കൾ എങ്ങനെ പഠിച്ചു? ജീവനോടെ അടുത്തു വന്ന ആരെയെങ്കിലും താങ്കൾ വെറുതെ വിട്ടിട്ടുണ്ടോ? അവരുടെ രക്തം ഈറ്റികുടിക്കാതിരുന്നിട്ടുണ്ടോ?" ഈ വരികളാണ് എനിക്ക് ഏറെ ഇഷ്ടപ്പെട്ടത്. കാരണം കരടിയെ കുറുക്കൻ കളിയാക്കി സംസാരിക്കുന്നു. ഇതിലെ ഗുണപാഠം എന്നു പറഞ്ഞാൽ, "ഭംഗിവർത്തമാനം പലരും പറയും. അതിൽ വഞ്ചിതരാകരുത്." പലർക്കും അധരവ്യായാമം മാത്രമാണ് ഭംഗിവാക്ക്.

- AVAMI P SAJi, 5 c

## മാർജ്ജെരിയും ചെമ്പഴങ്ങളും

മലയാളം അച്ചടിക്ക് തുടക്കം കുറിച്ച പ്രശസ്ത എഴുത്തുകാരൻ ബെഞ്ചമിൻ ബെയ്‌ലിയുടെ കഥയാണ് "മാർജെരിയും ചെമ്പഴങ്ങളും". ഈ കഥയിലെ പ്രധാന കഥാപാത്രങ്ങളാണ് നാല് വയസ്സുകാരിയായ മാർജെരി. മാർജെരിയുടെ അമ്മച്ചിയുടെയും അപ്പച്ചനും കുഞ്ഞനുജത്തി ലൂസിയും ഈ കഥയിലെ കഥാപാത്രങ്ങളാണ്. ചെമ്പഴങ്ങൾ പറിക്കാൻ അമ്മച്ചി തോട്ടത്തിൽ പോകുന്നു. കുട്ടയിൽ കൊള്ളാത്തതിനാൽ അവ തോട്ടത്തിൽ വെക്കുകയും ചെയ്യുന്നു. മാർജെരിയോട് അവ എടുത്തുകൊണ്ട് വരാൻ പറയുന്നു. അതിൽ നിന്ന് ഒന്നും തിന്നരുതെന്നും പറയുന്നു. മാർജെരി അത് അക്ഷരംപ്രതി അനുസരിക്കുന്നു. അച്ഛനമ്മമാരെ കുട്ടികൾ അനുസരിക്കണം. ഇതാണ് ഈ കഥയുടെ ഗുണപാഠം.

ASWANY SAJISH

## 'കിട്ടുണ്ണിയുടെ കൃഷി'



പറവൂർ രാജഗോപാൽ എഴുതിയ "കിളിപറഞ്ഞത്" എന്ന പുസ്തകത്തിലെ ഒരു കഥയാണിത്. ജമീന്ദാർ രാംലാലിന്റെ പാചകക്കാരനായിരുന്നു കിട്ടുണ്ണി. തനിക്ക് കിട്ടേണ്ട ഒരു മഹാഭാഗ്യം അയാൾതന്നെ നഷ്ടപ്പെടുത്തിയതാണ് ഈ കഥയിലെ ഉള്ളടക്കം. വളരെക്കാലമായി കൃഷിചെയ്യാതെ കിടന്ന ജമീന്ദാരുടെ കൃഷിയിടത്തിൽ കൃഷിചെയ്യാൻ കിട്ടുണ്ണിയെ ഏൽപ്പിക്കുന്നു. വിളവ് മോശമായിരുന്നു എന്ന് പറഞ്ഞ കിട്ടുണ്ണി പകുതി വിത്തും വളവും വിറ്റ് കാശാക്കി.


യജമാനനേ, വിളതീരെ കുറവാണ് കിട്ടുണ്ണി പറഞ്ഞു. അതുകേട്ട് ജമീന്ദാർ പറഞ്ഞു. "കഷ്ടമായിപ്പോയി." ഇത്രയും കാലത്തെ നിന്റെ സേവനത്തിന് പ്രതിഫലമായി ആ ഭൂമി നിനക്ക് തന്ന് നിന്നെ സ്വതന്ത്രനാക്കാമെന്ന് ഞാൻ വിചാരിച്ചിരുന്നു.

കിട്ടുണ്ണിക്ക് ഉണ്ടായ ദുഃഖം എത്രയാണെന്ന് പറയേണ്ടല്ലോ! ദുഃസാമർത്ഥ്യം ഒരിക്കലും നന്നല്ലെന്ന് അങ്ങനെ അയാൾ പഠിച്ചു.

കിട്ടുണ്ണിയുടെ കൃഷി എന്ന ഈ കഥയിലൂടെ നാം മനസിലാക്കേണ്ട കാര്യം പലപ്പോഴും ദുഃസാമർത്ഥയം മൂലം കൈവരിക്കേണ്ട പല ഭാഗ്യങ്ങളും നമുക്ക് നഷ്ടപ്പെട്ടെന്നു വരാം.

ANITHA PS - 5 D

## സിംഹത്തിനു പറ്റിയ അന്ത്യം



ഒരു ദിവസം കാട്ടിലെ രാജാവായിരുന്ന സിംഹം ഇരതേടി തന്റെ ഗുഹയിൽനിന്നും പുറത്തുപോയി. നടന്നു നടന്ന് ഒടുവിൽ കാട്ടരുവിക്കടുത്തെത്തി. സിംഹം വെള്ളം കുടിക്കാൻ നീങ്ങി. അപ്പോൾ അവിടെ ഒരു മാനും ഒരു കുട്ടിയാനയുംവെള്ളം കുടിക്കുന്നുണ്ടായിരുന്നു. സിംഹം മനസ്സിൽ പറഞ്ഞു, പിടിക്കുകയാണെങ്കിൽ കുട്ടിയാനയെ പിടിക്കണം. അപ്പോൾ രണ്ടു ദിവസത്തേക്ക് ഇര തേടി പോകണ്ട. പെട്ടെന്ന സിംഹം കുട്ടിയാനയുടെ കഴുത്തിലേക്ക് ഒറ്റച്ചാട്ടം. കുട്ടിയാനയ്ക്കു വേദന സഹിക്കുാൻ പറ്റാതെ

അലറി കരഞ്ഞു. മാനിന് ഒന്നും ചെയ്യാൻ കഴിയാതായപ്പോൾ മാൻ വേഗം അമ്മയാനയോടു വിവരം പറഞ്ഞു. ഈ വിവരം കേട്ട അമ്മയാന കാട്ടിലേക്കു പാഞ്ഞു ചെന്നു. എന്നിട്ട് തന്റെ തുമ്പിക്കൈവെച്ചിട്ട് സിംഹത്തെ അങ്ങോട്ടും ഇങ്ങോട്ടും തറയിലിട്ട് അടിച്ചുകൊന്നു. ചത്ത സിംഹത്തെ അതുവഴി വിശന്നു വന്ന കുറുക്കൻ കണ്ടു. അവൻ സിംഹത്തെ തിന്നാൻ മുന്നോട്ടു നീങ്ങി. അതുകഴിഞ്ഞു കുറുക്കൻ പറഞ്ഞു, കാട്ടിലെ പാവം മൃഗങ്ങളെ വിറപ്പിച്ചുകൊണ്ടിരുന്ന സിംഹത്തിന് ഇതുതന്നെ ശിക്ഷ.


## നന്ദിനി ടീച്ചർക്കു നല്ലതു തോന്നണേ!!!

നന്ദിനി ടീച്ചർക്കു നല്ലതു തോന്നണേ എന്ന കവിതയാണ് ഞാൻ വായിച്ചത്. കുട്ടികൾക്ക് വായിച്ച് രസിക്കാനും ചൊല്ലിനടക്കാനും ഉപകരിക്കുന്ന രചനകൾ ആണ് ഈ കവിതയിൽ ഉള്ളത്. ഇത് എഴുതിയത് ഏഴാച്ചേരി രാമചന്ദ്രനാണ്. എനിക്ക് ഇഷ്ട്ടപെട്ട വരികൾ സ്കൂളിലേക്കെന്നെ യാത്രയാക്കുന്ന ജൂണിലെ സുപ്രഭാതമേ, ഇത്രനേരത്തേ വന്നതെന്തിനാണിഷ്ടതോഴിയാണെങ്കിലും. ഈ വരിയുടെ ആശയം, സ്കൂൾ തുറക്കുന്നത് ജൂൺ മാസത്തിലാണ്. അതെന്തിനാണ് ഇത്ര നേരത്തേ തുറക്കുന്നത് എന്നാണ് പറയുന്നത്.

ATHIRA KH

## ആഭരണം

(കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാലയിൽ നിന്ന്)





മറ്റുള്ളവരെ സ്നേഹിക്കുകയും പരിഹസിക്കുകയും തിരുത്തുകയും ചെയ്ത രസികനായിരുന്നു മുട്ടസ്സുനമ്പൂരി. ഒരിക്കൽ അദ്ദേഹം ആറാട്ടുപുഴപ്പൂരം കാണാൻ പോയി. പൂരത്തിനു വരുന്നവരെല്ലാം ശരീരത്തിൽ പരമാവധി ആഭരണങ്ങളണിഞ്ഞാണ് എത്താറുള്ളത്. മുട്ടസ്സുനമ്പൂരി ഒരു പെട്ടിയും തലയിലേറ്റി ആൽത്തറയിൽ കേറി നിൽപ്പായി. ആളുകൾക്ക് അത്ഭുതമായി. എന്താ തിരുമേനി പെട്ടിയേറ്റി നിൽക്കുന്നത്? അവർ അന്വേഷിച്ചു.

ഓ എന്റെ ആധാരപ്പെട്ടിയാണിത്. ഇത് തുറന്നു നോക്കിയാൽ എന്റെ വീട്ടിൽ എത്ര സ്വത്തുണ്ടെന്നറിയാം. അതിന് ഞങ്ങളാരും ഞങ്ങളുടെ സ്വത്തുക്കൾ വെളിപ്പെടുത്തുന്നില്ലല്ലോ. ആളുകൾ പറഞ്ഞു. ഇല്ലേ? നിങ്ങളുടെ ശരീരത്തിലുള്ള ആഭരണങ്ങൾ നോക്കിയാൽ അറിയാമല്ലോ അത്. ഞാനങ്ങനെ ആഭരണമണിഞ്ഞിട്ടില്ല. അതുകൊണ്ടാണ് ആധാരപ്പെട്ടിയേറ്റിയത്. നമ്പൂതിരിയുടെ മറുപടി കേട്ട് ആളുകൾ തലതാഴ്ത്തി നിന്നു.

ഈ കഥ നമ്മളെ മനസ്സിലാക്കുന്ന കാര്യം എന്തെന്നുവച്ചാൽ ഒരിക്കലും അത്യാഗ്രഹിക്കുരുത്. മറ്റുള്ളവരുടെ മുമ്പിൽ താനാണ് കൂടുതൽ പണക്കാര് എന്ന് കാണിക്കരുത്. -

ACHYUT SAJAN

## അമ്മയുടെ സ്നേഹം



ഒരു അമ്മ ഉണ്ണിയെ താലോലിക്കുന്നതാണ് ഈ കഥയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അപ്പോൾ അമ്മ പറയുന്നത് ഇങ്ങനെയാണ് താഴെ വച്ചാൽ എന്റെ മകനെ ഉറുമ്പ് കടിച്ചാലോ, തലയിൽ വച്ചാൽ പേൻ കടിച്ചാലോ. അമ്മ കാക്കേ പൂച്ചേ എന്നൊക്കെ പറഞ്ഞ് ഉണ്ണിയെ താലോലിക്കുന്നു. അപ്പോൾ ഉണ്ണി ആകാശത്തോട്ട് നോക്കുന്നു. അപ്പോൾ അമ്മ വായിലേക്ക് ചോറുവച്ചുകൊടുക്കുന്നു. അമ്മ താലോലിക്കുന്ന ഈ കഥയ്ക്ക് അമ്മയുടെ സ്നേഹം എന്ന പേര് നന്നായി ചേരുന്നു.

ANUSREE KS - 5D

## ആലിബാബയും നാൽപതു കള്ളൻമാരും

പണ്ടുപണ്ട് അലിബാബയും കാസിം എന്നും പേരുള്ള രണ്ടു സഹോദരന്മാരുണ്ടായിരുന്നു. കാസിം ഒരു പെണ്ണു കാണാൻ പോയി. കാസിമിന് പെണ്ണിനെ ഇഷ്ടപ്പെട്ടു. അവർ വിവാഹം കഴിച്ചു. പിന്നെ കാസിം വലിയ പണക്കാരനായി. അലിബാബയും കുടുംബവും കഴിയുന്നത് ഒരു ചെറിയ ജോലി ചെയ്തിട്ടാണ്. അലിബാബ ദിവസവും വിറകുപെറുക്കാൻ കാട്ടിൽ പോയി കിട്ടുന്ന വിറക് വിറ്റുകിട്ടുന്ന പണം കൊണ്ടാണ് ജീവിക്കുന്നത്. ഒരു ദുവസം പതിവുപോലെ അലിബാബ വിറകുപെറുക്കാൻ കാട്ടിൽ പോയി. നല്ല് വിറകുതേടി ഉൾകാട്ടിലേക്ക് പോയി. വിറകുപെറുക്കാൻ തുടങ്ങിയപ്പോൾ ഒരു കുതിരക്കുളമ്പടിയുടെ ശബ്ദം




അടുത്തടുത്തുവരുന്നു. അലിബാബ തന്റെ കുതിരയെ മരത്തിൽ കെട്ടിയിട്ട് ആർക്കും കാണാത്ത വിധത്തിൽ ഒരു മരത്തിൽ കയറി ഇരുന്നു. അലിബാബയെ ഇപ്പോൾ ആർക്കും കാണാൻ കഴിയില്ല. പക്ഷെ അലിബാബയ്ക്ക് അവരെ കാണാൻ കഴിയും. അവർ എത്തി. മുന്നിൽ നിൽക്കുന്നത് തലവനാണെന്ന് മനസ്സിലായി. ബാക്കി മുപ്പത്തൊൻപതു പേരുടെയും കയ്യിൽ പണമുള്ള സഞ്ചികൾ. തലവൻ ഒരു പാറയുടെ മുന്നിൽ ചെന്നിട്ട് പറഞ്ഞു. "തുറക്കൂ സൈസോം." അപ്പോൾ പാറവാതിൽ തുറന്നു. എന്തൊരത്ഭുതം! തലവനും സംഘവും അകത്തേക്കു കയറി. കുറച്ചുനേരം കഴിഞ്ഞപ്പോൾ അവർ പുറത്തിറങ്ങി. കനമുള്ള ചാക്കുകൾ ഒഴിഞ്ഞ ചാക്കുകളായി മാറി. അവർപോയി കുതിര കുളമ്പടി അകലെ അവസാനിച്ചു. അവൻ മരത്തിൽനിന് ഇറങ്ങി ഇതേമന്ത്രം പറഞ്ഞു. അപ്പോൾ പാറവാതിൽ തുറന്നു. അവൻ അതിൽ കയറി. അകത്ത് നല്ല ഇരുട്ടായിരുന്നു. ഒരു ദ്വാരത്തിലൂടെ വെളിച്ചം അകത്തേക്കു കടന്നു. അപ്പോൾ കണ്ട കാഴ്ച അവനെ അത്ഭുതപ്പെടുത്തി. സ്വർണ്ണവും വജ്രവും വൈഡൂര്യവും വെള്ളിക്കുടങ്ങളും കൊണ്ട്

നിറഞ്ഞിരിക്കുന്നു. പിറ്റേ ദിവസം അവൻ പിന്നെയും വന്നു. ഒരു അഞ്ചാറു ചാക്കു കൊണ്ടുവന്നു. എന്നിട്ട് ചാക്കുനിറയെ ആഭരണങ്ങളും മറ്റു പല പല സാധനങ്ങളും എടുത്ത് വീട്ടിലേക്കു പോയി. ഭാര്യ ചാക്കെടുക്കാൻ സഹായിച്ചു. എന്നിട്ട് വാതിലടച്ചു. ചാക്കുതുറന്നപ്പോൾ സ്വർണ്ണങ്ങളുടെ പ്രകാശം വീടു മൊത്തം പരന്നു. ഇത് മൊത്തം അളക്കാൻ ഇടങ്ങഴി വേണം. കാസീമിന്റെ വീട്ടിലുണ്ട്. കാസിമിന്റെ ഭാര്യയോടു ചോദിച്ചു. സംശയം തോന്നിയ അവൾ ഇടങ്ങഴിയുടെ അടിയിൽ പശ തേച്ചു കൊടുത്തു. അളന്നു കഴിഞ്ഞ് ഇടങ്ങഴി തിരിച്ചുകൊടുത്തു. ഇടങ്ങഴിയുടെ അടിയിൽ ഒരു സ്വർണ്ണനാണയം കണ്ട് കാസീമിന്റെ ഭാര്യ അലിബാബയുടെ അടുത്തു ചെന്ന് കാര്യങ്ങൾ ചോദിച്ചു. അയാളെല്ലാം പറഞ്ഞു. കാസീമും ഭാര്യയും ഉറങ്ങിയില്ല. പിറ്റേ ദിവസം രാവിലെ കാസീം പത്ത് ചാക്കെടുത്ത് കാട്ടിൽ പോയി. പാറയുടെ മുന്നിൽ ചെന്ന് മന്ത്രം പറഞ്ഞു അകത്ത് കയറി. സ്വർണ്ണാഭരണങ്ങളെടുത്ത് കുറേ നേരം അകത്തിരുന്നു. കുളമ്പടിയുടെ ശബ്ദം കേട്ട് പുറത്തിറങ്ങാൻ ശ്രമിച്ചെങ്കിലും കഴിഞ്ഞില്ല. തലവൻ കാസീമിനെ കണ്ടു. വെട്ടി നാലു കഷണമാക്കി പാറയുടെ മുമ്പിലുള്ള മരത്തിൽ തൂക്കിയിട്ടു. കാസീമിന്റെ ഭാര്യ കുറേനേരമായിട്ടും കാസീമിനെ കാണാതെ വിഷമിച്ച് അവിടെയെത്തി. മരിച്ച് നാലു പീസായി കിടക്കുന്ന ശരീരം കണ്ടപ്പോൾ കാസീമിന്റെ ഭാര്യ പൊട്ടിക്കരഞ്ഞു. അലബാബയുടെ കുടുംബത്തിൽ ഒരു അംഗമായി കാസീമിന്റെ ഭാര്യയെ സ്വീകരിച്ചു.

KARTHIKA CR - 6E


## വേനൽക്കാലം



**അവിടെ വേനൽക്കാലമായിരുന്നു. നെൽ കൃഷി നന്നായി പോകുന്നു. കിളികളും തത്തകളും നെൽ കൊത്താൻ വരും. പൂന്തോട്ടത്തിൽ പൂക്കൾ വിരിയുന്നു. അതിലെ തേൻ കുടിക്കാൻ ചിത്രശലഭങ്ങൾ വരുന്നു. വണ്ടുകൾ ചെടികൾക്കിടയിൽ നിന്ന് മൂളുന്നു. സൂര്യൻ പ്രകാശിക്കുന്നു. മീനുകൾ പുഴയിൽ ചാടി കളിക്കുന്നു. പർവതങ്ങൾക്കിടയിൽ നിന്നും മനോഹരമായ വെള്ളച്ചാട്ടം. കുട്ടികൾ പുൽ മൈതാനത്ത് കളിക്കുന്നു. ഈ മനോഹരമായ കാഴ്ചകൾ മനസ്സ് തണുപ്പിക്കുന്നു.**

SOURAV K SUNIL- 6C

## ഭൂമിയുടെ അവകാശികൾ




മുഹമ്മദ് ബഷീർ വൈക്കം മുഹമ്മദ് ബഷീറിന്റെ വളരെ ആകർഷമായ ഒരു കഥയാണ് ഭൂമിയുടെ അവകാശികൾ.

ഭൂമിയിലെ ജീവജാലങ്ങളായ ഉറുമ്പ്, പാമ്പ്, വവ്വാൽ, കുറുക്കൻ, കാക്ക, തവള, പക്ഷികൾ, പ്രാണികൾ, കഴുകൻ, അണ്ണാൻ ഇവരെല്ലാം ഭൂമിയുടെ അവകാശികളാണ്. ഭൂമി മനുഷ്യരുടെ മാത്രം ആവാസസ്ഥലമല്ല. മറിച്ച് ഭൂമിയിലെ ജീവജാലങ്ങൾക്ക് ഇവിടെ ജീവിക്കാൻ അവകാശമുണ്ട്. അദ്ദേഹത്തിന്റെ ഭാര്യ നമുക്ക് ദ്രോഹമുണ്ടാക്കുന്ന ജീവജാലങ്ങളെ വെടിവെച്ച് കൊല്ലണം എന്ന് പറയുമ്പോൾ ഭാര്യയുടെ ആ വാദത്തെ നിഷ്കരുണം അദ്ദേഹം തള്ളികളയുന്നു.

പഴങ്ങൾ, പൂക്കൾ, ധാനയമണികൾ, വായു, വെള്ളം ഇവയെല്ലാം ദൈവം സൃഷ്ടിച്ചിരിക്കുന്നത് ഭൂമിയിലെ ജീവജാലങ്ങൾക്കുവേണ്ടിയാണ്.

പരസ്പര സ്നേഹത്തോടെ ഭൂമിയിൽ ജീവികളും മനുഷ്യരും സഹകരിച്ചു കഴിയണം എന്ന മഹത്തായ സന്ദേശമാണ് ഈ കഥയിലൂടെ നമുക്ക് ലഭിക്കുന്നത്.

### കുഞ്ഞിനിലയും ആൽമരവും

ദുർഗ്ഗ മനോജ് എഴുതിയ കുഞ്ഞിനിലയും ആൽമരവും എന്ന ബാലനോവലിലെ ഒരു ഭാഗമാണ് മുത്തശ്ശിയാൽമരം ആലിങ്കൽ ഗ്രാമത്തെക്കുറിച്ചുള്ള വിശേഷമാണ് ഇതിൽ പരാമർശിച്ചിട്ടുള്ളത് ആലിങ്കൽ ഗ്രാമത്തിലെ മനുഷ്യരെയും പക്ഷിമൃഗാദികളും എന്നു വേണ്ട ഒരു ചെറിയ പുൽകൊടിയുടെയും പ്രാണികളെയും അങ്ങനെ ആലിങ്കൽ ഗ്രാമത്തെ പൂർണ്ണതയിൽ എത്തിക്കുന്ന എല്ലാ ജീവജാലങ്ങളെക്കുറിച്ചും ഇതിൽ പ്രതിപാദിക്കുന്നു. ഇതിലെ ഒരു സുപ്രധാനമായ കഥാപാത്രമാണ് മുത്തശ്ശിയാൽമരം. ആൽമരത്തെ കുറിച്ച് വിവരിക്കുകയാണെങ്കിൽ ഗ്രാമീണർ കുളിക്കാനും തുണിയലക്കാനും ഒത്തുകൂടുന്ന കുളത്തിന്റെ വടക്ക് വശത്തുള്ള നൂറ്റാണ്ടുകൾ പഴക്കമുള്ളതാണ് നമ്മുടെ ഈ മുത്തശ്ശിയാൽമരം. ഈ മുത്തശ്ശിയാൽമരമാണ് ആലിങ്കൽ ഗ്രാമത്തിന്റെ ജീവൻ. മുത്തശ്ശിയാൽമരമില്ലെങ്കിൽ ആലിങ്കൽ ഗ്രാമമില്ല. ആ ഗ്രാമത്തിന് കഥയില്ല. കവിതയുമില്ല. അത്രയ്ക്ക് പ്രധാനപ്പെട്ടതാണ് ആലിങ്കൽ ഗ്രാമത്തിലുള്ളവർക്ക് മുത്തശ്ശിയാൽമരം.

മുത്തശ്ശിയാൽമരത്തിന് പറയാൻ ഒരുപാട് കഥകളുണ്ട്. ആളുകൾ പ്രായത്തിനോടുള്ള ബഹുമാന സൂചകമായി ആൽമരത്തെ മുത്തശ്ശി എന്ന് വിളിച്ച് പോരുന്നുണ്ടെങ്കിലും മുത്തശ്ശിയാൽമരത്തിന് നല്ല ഓർമ്മയാണ്. ചെറിയൊരു നാമ്പായി പൊട്ടിവളർന്ന ആൽമരമാണ് ഇപ്പോൾ പടർന്നു പന്തലിച്ചു കിടക്കുന്ന ഒരു വലിയ

ആൽമരമായി മാറിയത്. തന്റെ കൊമ്പുകളിൽ സ്ഥിരതാമസത്തിനും വിരുന്നുകാരായും വരുന്ന പക്ഷികളുടെ കഥകൾകേട്ട്, കാട്ടിൽ നിന്ന് കുസൃതി കാട്ടാൻ ഇറങ്ങിവരുന്ന കുരങ്ങുകളുടെ വഴക്കുകൾ തീർത്ത് അങ്ങളെയങ്ങലെ മുത്തശ്ശിയാൽ നാടിന് പ്രിയങ്കരിയായി നിലകൊണ്ട് ഇലകളുടെയും കാറ്റിന്റെയും പക്ഷിമൃഗാദികളുടെയും മാത്രമല്ല, മനുഷ്യരുടെയും പരിഭവങ്ങളും പരാതികളും സന്താഷവും സങ്കടങ്ങളുമെല്ലാം മുത്തശ്ശിയാലിനറിയാം. അരുവകൾക്കും അതിൽ വെള്ളം കുടിക്കാനെത്തുന്ന മൃഗങ്ങൾക്കും പക്ഷികൾക്കും അങ്ങനെ എല്ലാവർക്കും മുത്തശ്ശിയാലിനെ അറിയാം. അങ്ങനെ ഏവർക്കും പ്രിയങ്കരിയായി മുത്തശ്ശിയാൽ നിലകൊള്ളുന്നു.

KRISHNAPRIYA KA

## ഖലീഫയുടെ കാലത്ത്

ഖലീഫയുടെ കാലത്ത്

എന്ന കഥ എഴുതിയത് എം.കെ. ഹസ്സൻ കോയയാണ്. ഈ കഥ വളരെ ലളിതമായാണ് എഴുതിയിരിക്കുന്നത്. ജനങ്ങളുടെ പ്രശ്നങ്ങൾ അറിഞ്ഞ് അത് പരിഹരിക്കുന്ന ഒരു രാജാവ് ഈ കഥയിലുണ്ട്. അങ്ങനെ ഒരു ദിവസം ഖലീഫാ ഉമർ എങ്ങും കൂരിരുട്ടും നിശബ്ദതയും ഉള്ള രാത്രിയിൽ പുറത്തിറങ്ങി. അപ്പോൾ ഒരു വീട്ടിൽ മാത്രം വെളിച്ചം കണ്ടു. അദ്ദേഹം ആ വീട്ടിൽ ചെന്നു നോക്കിയപ്പോൾ ആ വീടിന്റെ ഒരു അറ്റത്ത് ഒരു സ്ത്രീ അടുപ്പിൽ എന്തോ തിളപ്പിച്ചിരിക്കുന്നു. മൂന്ന് കുട്ടികൾ കരഞ്ഞും തേങ്ങിയും ചുറ്റുമുണ്ട്. ഏയ് അദ്ദേഹം ഉറക്കെ വിളിച്ചു. ഞെട്ടിപ്പോയ ആ സ്ത്രീ തിരിഞ്ഞുനോക്കിയപ്പോൾ ഒരാൾ കതകിൽ വന്ന് നിൽകുന്നു. ആ സ്ത്രീ ഉച്ചത്തിൽ പറഞ്ഞു. ആരാണ് നിങ്ങൾ പട്ടിണിയിലാണെങ്കിലും ഞങ്ങൾക്ക് സ്വൈരമായി ഇരിക്കാൻ പോലും സമ്മതിക്കില്ലേ. എന്ന് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: സഹോദരീ എന്താണീ ചെയ്യുന്നത്. അപ്പോൾ ആ സ്ത്രീ പറഞ്ഞു. ഇവരുടെ അച്ഛൻ മരിച്ചിട്ട് കുറേക്കാലമായി. അദ്ദേഹം വേഗം തന്റെ വീട് ലക്ഷ്യമാക്കിയോടി. ഖലീഫയുടെ നാളെത്തേയ്ക്ക് കരുതിയ ഭക്ഷണം ആ സ്ത്രീയ്ക്കും കുട്ടികൾക്കും കൊണ്ടുനൽകി. അപ്പോൾ ആ സ്ത്രീ ചോദിച്ചു അങ്ങ ആരാണ്? അദ്ദേഹം പറഞ്ഞു ഞാനൊരു വഴിപോക്കനാണ്.

<u>**ഗുണപാഠം**</u> മറ്റുള്ളവരുടെ വിഷമം മനസ്സിലാക്കി സഹായിക്കുന്നതും പെരുമാറുന്നതുമാണ് ഒരു നല്ല വ്യക്തി എന്നത്. അതുകൊണ്ട് തന്നെ ഖലീഫ ഉമർ ഒരു നല്ല വ്യക്തിത്യത്തിന് ഉടമയാണ്.

keerthana p b

## കിട്ടനും കാറ്റും

കിട്ടൻ കട്ടുറുമ്പിന് പനിയാണ്. രാവിലെ മുതൽ തുമ്മലും ചീറ്റലും തന്നെ. വൈദ്യരെ കണ്ടേക്കാം അവന് തോന്നി. പക്ഷേ കുരങ്ങുണ്ണി വൈദ്യർ താമസിക്കുന്നത് കുറേ ദൂരെയാണ്. അത്രദൂരം നടക്കാനൊന്നും വയ്യ. പക്ഷേ വേറെന്തു ചെയ്യാൻ? അവൻ പയ്യെപ്പയ്യെ നടക്കാൻ തുടങ്ങി. പെട്ടെന്ന് വലിയൊരു കാറ്റടിച്ചു. കിട്ടനും വഴിയിലെ കരിയിലകളുമെല്ലാം കാറ്റിൽ പറ പറന്നു. “ഹമ്മേ, രക്ഷിക്കണേ!”, അവൻ ഉച്ചത്തിൽ കരഞ്ഞു. പേടികാരണം അവൻ കണ്ണടച്ചു പിടിച്ചു. 'ഠപ്പ്!' പെട്ടെന്ന് കിട്ടൻ എവിടെയോ ചെന്നു വീണു. അവൻ പതുക്കെ കണ്ണുതുറന്നു നോക്കി. അപ്പോഴേക്കും കാറ്റെല്ലാം പോയിരുന്നു. ചുറ്റും നോക്കിയ കിട്ടന് ഒത്തിരി സന്തോഷമായി. എന്താണെന്നോ? അതാ കുരങ്ങുണ്ണി വൈദ്യരുടെ വീട്! നടന്നുക്ഷീണിപ്പിക്കാതെ തന്നെ ഇവിടെ എത്തിച്ച കാറ്റിനോട് അവൻ മനസ്സിൽ നന്ദി പറഞ്ഞു. അവൻ അങ്ങനെ നടന്നു പോയി.

# 'MACBETH'- William Shakespeare

Rebel Maedomwald was the leader of the Irish invaders. The witches hail macbeth as thane of Glamis and as thane of Cawdor. The witches also declared
that Macbeth will be king one day. What witches said that came true. Macbeth became the thane of Glamis and as a thane of Cawdor. Macbeth writes a letter to lady Macbeth.
The letter announces Macbeth's promotion to thane ship
of cawdor and details his meeting with the witches. Lady Macbeth enters and tells her husband that the king has died and that he has been asking for Macbeth. Macbeth
declares that he has no longer intends to kill queen. Lady
Macbeth outraged, calls him a coward and questions his manhood. Suddenly in the darken hall, Macbeth has a vision of a dagger floating in the air before him, its tip aiming toward Duncan. Macbeth tries to grasp the weapon and fails. He wonders whether what he sees is real or a false creation. Continuing to gaze upon the dagger he thinks he sees blood on the blade, then abruptly decides that the vision is just a manifestation of his unease over killing Duncan. The night around him seems thick with horror and with craft, but Macbeth stiffens and resolves his bloody work. A bell trolls – lady Macbeth's signal that chamberlains are asleep – and Macbeth strides towards Duncan's chamber. Duncan was dead after all. The news spread all over the village. The villagers found out that Macbeth was behind all of this and it was his plan to blame the sleeping chamberlains. It was the end of Macbeth.

*BHAGYA SYAM*

*5F*

# THE WONDERFUL WORDS

Never let a thought Shrivel and do
For want of a way to say it
For English is a wonderful game
And all of you can play it.
All of you do is match the words
To the brightest thoughts in your head
So that hey come out clear and true
And handsomely groomed and bred
For many of the loveliest things
Have never yet been said
Words are the food and dress of thoughts
They give it its body and swing
And everyone is longing today to hear
Some fresh and beautiful thing
But only words can free a thought
From its prison behind your eyes
May be your mind is holding
A marvellous new surprise

MARY O' NEILL

# A TRIBUTE TO THE INDIAN ARMY

*The blossom of smile on chidren's face*
*The flowers of satisfaction in the minds of indians*
*India-not the land of war but of peace*
*It is the blood sign of those boder men*

*The passing gunshots,arising bombs*
*Touching and seeing the death for others*
*Losing all happiness-family and children*
*it is the life of those border men.*

*Surrounding Bharat Mata in unity*
*Til the end serving for the country*
*Welcoming the death with courage and devotion*
*It is the power of those border men.*

*Salute those bordermen for their brave serving*
*Share a drop of tear for those who gave their life for our happiness*

*Pray for those warriors for their victorious Bend before those valiants for their heroic life.*

# BIG BLUE BEAUTIFUL THAT'S OUR PLANET

*When viewed from outer space the earth resembles a blue marble and that is why it's often called the Blue Planet. The vast oceans that cover 70% of the earth's surface give it's blue appearance*




*It is the presence of these oceans that make our planet habitable. Ocean water is necessary for life. In fact , oceans are the birth place of life because it is, where the planet's first living things were born. Life began in the ocean millions of years ago and even today the ocean remains home to a majority of plants and animals, from the smallest organism to the blue whale which is the largest animal on earth.*

# SCIENCE QUIZ

✔ What is the science that deals with the study of life processes?
Physiology

✔ The normal Blood pressure is
120/80Hg

✔ Which is the pacemaker of heart?
Sino-artrial node

✔ Name the largest artery in our body
Aorta

✔ Most thick walled and largest chamber of heart is
Left ventricle

✔ Which is tan anabolic process?
Photosynthesis

✔ Number of spinal nerves in humans are
31 pairs

✔ Artificial ripening of fruits iscarried out by a gaseous hormone called
Ethylene

✔ The longest cell in humanbody
Nerve cell


✔ The centre for regulating body temperature
CNS(Brain & Spinal cord)

# "സ്ക്കൂൾ വാർത്തകൾ"



പറവൂർ എസ് എൻ വി സംസ്കൃതഹയർസെക്കന്ററി സ്കൂളിന്റെ ചരിത്രത്തിലെ മറ്റൊരു സുവർണ്ണ അധ്യായമായിരുന്നു ഇത്. ആദ്യമായി 38 ക്ലാസ്സ് മുറികൾ ഹൈടെക്കാവുന്നത് ഉദ്ഘാടനം ചെയ്യപ്പെടുന്നു എന്ന വലിയ സന്തോഷത്തിലായിരുന്നു എല്ലാവരും. അതോടൊപ്പം കേരളത്തിന്റെ ഏറ്റവും പ്രഗത്ഭനായ വിദ്യാഭ്യാസമന്ത്രി ഈ വിദ്യാലയത്തിലെത്തിച്ചേരുന്നു എന്നത് സന്തോഷം ഇരട്ടിപ്പിച്ചു. കാലവർഷത്തിന്റെ കാഠിന്യത്തിനിടിയിൽ വേണ്ടത്രമുന്നൊരുക്കങ്ങൾക്ക് സമയം കിട്ടിയിരുന്നില്ല. എങ്കിലും മികച്ച പന്തലും, ഹരിതാഭമായ കമാനവും ഒരുക്കി എല്ലാവരെയും സ്വീകരിക്കാൻ ഒരുങ്ങി നിന്നു നമ്മുടെ വിദ്യാലയം.

കേരള വിദ്യാഭ്യാസമന്ത്രി ശ്രീ സി രവീന്ദ്രനാഥ് 20-7-2018 ന് കൃത്യം 2 മണിക്ക് തന്നെ വിദ്യാലയത്തിൽ എത്തി. ഉദ്ഘാടനം നടന്നു. വളരെ വിജ്ഞാനപ്രദമായിരുന്നു അദ്ദേഹത്തിന്റെ പ്രഭാഷണം. ചലഞ്ചുഫണ്ടുപയോഗിച്ച് യുപി ക്ലാസ്സുമുറികൾ കൂടി ഹൈടെക്കാക്കാൻ അദ്ദേഹം നിർദ്ദേശിച്ചു. എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തു. യോഗത്തിൽ വച്ച്, ത്വരിതവേഗത്തിൽ സ്കൂളിൽ വികസന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന സ്കൂൾ മാനേജർ ശ്രീ ഹരി വിജയനെ മന്ത്രി ആദരിച്ചു.







## വിദ്യാഭ്യാസ പ്രദർശനം







പറവൂർ എസ്.എൻ.വി. സംസ്കൃത ഹയർ സെക്കൻഡറി സ്കൂളിൽ കേരളപ്പിറവി ദിനത്തിൽ കുട്ടികൾ വരച്ച ചിത്രങ്ങൾ പ്രദർശിപ്പിച്ചപ്പോൾ



**<u>കഥകളുടെ സുൽത്താന് പ്രണാമം</u>**

ഇമ്മിണി ബല്യ ഒന്ന കളിലൂടെ ജീവിതഗന്ധിയായ കഥാപ്ര പഞ്ചം മലയാളികൾക്കേകിയ വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണ സമ്മേളനവും ബഷീർ കഥകളുടെ അവതരണവും നടന്നു. കെടാമംഗലം പപ്പുക്കുട്ടി സ്മാരക ഗ്രന്ഥശാലയുടെ ആഭിമുഖ്യത്തിൽ നന്ത്യാട്ടുകന്നം SNV സ്കൂളിൽ നടന്ന ചടങ്ങിൽ പ്രിൻസിപ്പാൾ E G ശാന്തകുമാരി അദ്ധ്യക്ഷത വഹിച്ചു. PD സുബ്രഹ്മണ്യൻ അനുസ്മരണ പ്രഭാഷണം നടത്തി. ആർച്ച P മനോജ്, ഹിബനസ്സീം, കൃഷ്ണ തുടങ്ങിയവർ ബഷീർ കഥകളുടെ അവതരണം നടത്തി. PTA പ്രസിഡന്റ് Mk ആഷിക്, ജയശ്രീ ടീച്ചർ തുടങ്ങിയവർ സംസാരിച്ചു. ലൈബ്രറി പ്രസിഡന്റ് PP സുകുമാരൻ, PM ഹംസ, റീനവേണുഗോപാൽ KS, വിനു, സോനുരാഗേഷ് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## ലഹരി വിരുദ്ധദിനം






## ജൂലൈ 2 – സ്കൂൾ സ്ഥാപകൻ ഡോ. പി ആർ ശാസ്ത്രി അനുസ്മരണം





ഹെലൻ കെല്ലറുടെയും അതുപോലെ ജീവിക്കുന്നവരോടുമുള്ള അനുതാപം.......... കണ്ണ് കാണാതെയും കാത് കേൾക്കാതെയും ഒരു ദിവസം ചെലവഴിച്ച അനുഭവം കൂട്ടുകാരുമായി പങ്കുവച്ചപ്പോൾ.......റിസോഴ്സ് ടീച്ചർ മേരി ഫിജി നേതൃത്വം നൽകി.......

പറവൂർ താലൂക്കിലെ ഏറ്റവും മികച്ച സ്കൂളായി തിരഞ്ഞെടുത്ത SNV സംസ്കൃത സ്കൂളിനെ പറവൂർ സഹകരണ ബാങ്ക് ആദരിച്ചു. നിയമസഭാ സ്പീക്കറുടെ പേഴ്സണൽ സെക്രട്ടറിയും കോഴിക്കോട് ഗവ.കോളേജ് ചരിത്ര വിഭാഗം മേധാവിയുമായ ഡോ.വിൻസന്റ് സ്കൂളിനുള്ള ഉപഹാരവും ക്യാഷ് അവാർഡും നൽകി.



**അന്താരാഷ്ട്ര യോഗദിനം**





**എറണാകുളം ജില്ലാ വായനപക്ഷാചരണം**– ഉദ്ഘാടനം 19-6-2018 ന് പറവൂർ എസ് എൻ വി സംസ്കൃതഹയർസെക്കന്ററിസ്കൂളിൽ നടന്നു. ജില്ലയിൽ എസ് എസ് എൽ സി ക്ക് ഏറ്റവും കൂടുതൽ ഫുൾഎ പ്ലസ് നേടിയ വിദ്യാലയവും, പറവൂരിലെ ഏറ്റവും മികച്ച വായനശാലയും പറവൂർ താലൂക്ക് ലൈബ്രറി കൗൺസിലും ചേർന്ന് നടത്തിയ ഈ പരിപാടി ഏറ്റവും മഹത്തരമായി. രാവിലെ 9 ന് കെടാമംഗലം പപ്പുക്കുട്ടി സ്മാരക വായനശാലയിൽ നിന്നുള്ള അക്ഷരയാത്ര വാദ്യമേളങ്ങളുടെ അകമ്പടിയോടെ സാംസ്കാരിക – ഗ്രന്ഥശാലാ പ്രവർത്തകരുടെയും വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും നേതൃത്വത്തിൽ നന്ത്യാട്ടുകുന്നം എസ് എൻ വി സ്കൂളിലേക്ക്.... ഈ അക്ഷരജാഥയെ പുസ്തകത്താലവുമായി വിദ്യാർത്ഥികൾ വരവേറ്റു.

തുടർന്ന് സാസ്കാരിക സമ്മേളനം. – പാട്ടുമാടത്തിന്റെ അതിമനോഹരമായ ഗാനങ്ങൾ...കവി ഡോ എസ് രമേശൻ വായനപക്ഷാചരണം ഉദ്ഘാടനം ചെയ്തു. ശ്രീ പി ആർ രഘു അദ്ധ്യക്ഷത വഹിച്ചു. ശ്രീ എം ആർ സുരേന്ദ്രൻ  പി എൻ പണിക്കർ അനുസ്മരണ പ്രഭാഷണം നടത്തി. സ്കൂൾ മാനേജർ ശ്രീ ഹരി വിജയൻ വായനസന്ദേശം നൽകി.... ജില്ലാ പബ്ളിക് റിലേഷൻസ് ഓഫീസർ, കൗൺസിലർമാരായ ശ്രീ ടി വി നിഥിൻ, ശ്രീ സി പി ജയൻ,  ശ്രീമതി കെ രമാദേവി, ശ്രീ അജിത്ത് കുമാർ ഗോതുരുത്ത്, ശ്രീ പി കെ ഗോപാലകൃഷ്ണൻ, ശ്രീ പി പി സുകുമാരൻ  ശ്രീമതി പി ആർ ലത,  എന്നിവരുടെ നിറഞ്ഞസാന്നിദ്ധ്യത്തിലായിരുന്നു പരിപാടി.

തികച്ചും ഹരിതാഭമായ വേദി....തുണി സഞ്ചിയിൽ പുസ്തകം, വിത്തുപേന എന്നിവ അതിഥികൾക്കു നൽകി....കുട്ടികളുടെ വായനാക്കുറിപ്പവതരണം, കവിത, ഭിന്നശേഷിയെ മറികടന്ന വായന, പുസ്തകപ്രദർശനം, വിവിധ വിഷയക്ലബ്ബുകളുടെ തനതുപരിപാടികൾ ....വായനാദിനം വായനോത്സവമായി മാറി.....!









ലിറ്റിൽ കൈറ്റ്സ് – ഉദ്ഘാടനം



പരിസ്ഥിതി ദിനാഘോഷം



സമുദ്രദിനാഘോഷം



പ്രവേശനോത്സവം



എസ് എസ് എൽ സി എറണാകുളം ജില്ലയിൽ ഏറ്റവും കൂടുതൽ എ പ്ലസോടെ ചരിത്ര വിജയം നേടിയ

എസ് എൻ വി യിലെ വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും

